*"ഭരണഭാഷ-മാതൃഭാഷ"*

## തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
## ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
## ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - മുളക്കുളം ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. ശ്രീ. ബാബു പി. സൈമൺ -ന്റെ 12.11.2021, 31.12.2021, 18.01.2022, 24.1.2022 എന്നീ തീയതികളിലെ അപേക്ഷകൾ.

2. ഈ കാര്യാലയത്തിലെ 04.12.2021 ലെ TCPKTM/572/2021-C നമ്പർ കത്ത്.
3. ഈ കാര്യാലയത്തിലെ 17.01.2022 ലെ TCPKTM/4/2022-C നമ്പർ കത്ത്
4. ഈ കാര്യാലയത്തിലെ 24.01.2022 ലെ TCPKTM/50/2022-C നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ : TCPKTM/50/2022-C** **തീയതി : 31/01/2022**

---

മുളക്കുളം ഗ്രാമപഞ്ചായത്ത്, മുളക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 22 -ൽ റീസർവേ നമ്പർ 508/9 ൽ ഉൾപ്പെട്ട 76.43 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിന്നും പ്രത്യേകം വേർതിരിച്ച 9.00 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ പെട്രോൾ പമ്പ് - Group: I - Hazardous occupancy നിർമ്മിക്കുന്നതിന് ശ്രീ. ബാബു പി. സൈമൺ, വെട്ടുകാട്ടിൽ പാലക്കുളത്തിൽ ഹൗസ്, കുന്നപ്പിള്ളി പി. ഒ, പെരുവ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. Canopy (204.00 ചതുരശ്ര മീറ്റർ), Sales building (34.98 ചതുരശ്ര മീറ്റർ), Toilet block (11.26 ചതുരശ്ര മീറ്റർ) എന്നിവയുൾപ്പെടെ നിർദിഷ്ട നിർമ്മാണങ്ങളുടെ ആകെ വിസ്തീർണ്ണം 250.24 ചതുരശ്ര മീറ്റർ ആകുന്നു. പരാമർശം (1) ലെ അപേക്ഷകൾ പരിഗണിച്ച് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2019 (KPBR-2019) ചട്ടം 5(6), 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി Usage of plot and lay-out of buildings അംഗീകാരം നൽകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, KPBR -2019 ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്കുപ്പെൻസി നൽകുവാൻ പാടുള്ളൂ.
2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2019 (KPBR-2019) ലെ ചട്ടം.9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം , നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ചു സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ

പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.

4. പ്ലോട്ട് മണ്ണിട്ട് നികത്തുന്നതിന്/മണ്ണ്നീക്കം ചെയ്യുന്നത് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.
5. സൈറ്റ് പ്ലാനിൽ പൊളിച്ച് നീക്കുവാനെന്നു രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കിയിരിക്കണം. KPBR-2019 ചട്ടം 3(1)(d) പ്രകാരം അപേക്ഷകന്റെ പ്ലോട്ടിൽ നിലനിർത്തുന്ന കെട്ടിടങ്ങൾ അംഗീകൃതമായിരിക്കണം.
6. നിർദിഷ്ട പെട്രോൾ പമ്പിനായി പ്രത്യേകം വേർതിരിച്ച ഭാഗത്തു നിർമ്മിക്കുന്ന Retaining wall ന് ആവശ്യമായ ബലം (Structurally stable) ഉണ്ടെന്നു ഉറപ്പു വരുത്തണം. ഇ ഭാഗത്തു ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ (Compound wall) ഏർപ്പെടുത്തണം.
7. KPBR -2019, ചട്ടം 47(1) പ്രകാരം fuel tank, vent pipe എന്നിവയുടെ സ്ഥാനവും നിർമ്മാണവും Petroleum Rules 1976 ന് അനുസൃതമായിരിക്കണം
8. നിർമ്മാണം KPBR -2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

**മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിൻശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.**

**ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി മുളക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.**

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 4/2022/KTM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**

മുളക്കുളം ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ശ്രീ. ബാബു പി .സൈമൺ, വെട്ടുകാട്ടിൽ പാലക്കുളത്തിൽ ഹൗസ്, കുന്നപ്പിള്ളി പി.ഒ, പെരുവ, കോട്ടയം
2. കരുതൽ ഫയൽ 3. അധികം -1

DESPATCHED
Date.31.1.1.22

S/29012022